**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ ഘടക പദ്ധതി, കിഫ്ബി വിഹിതങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കിഫ്ബി നാളിതുവരെ ചെലവഴിച്ച തുകയിൽ അഞ്ചു ശതമാനത്തിൽ താഴെ മാത്രമാണ് എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള പദ്ധതികൾക്കായി അനുവദിച്ചതെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;</td><td>(എ)</td><td>വിവരം ശേഖരിച്ച് വരുന്നു .</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് പദ്ധതി അടങ്കലിന്റെ നിശ്ചിത വിഹിതം ജനസംഖ്യയ്ക്ക് ആനുപാതികമായി എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഘടക പദ്ധതിയായി അനുവദിച്ചിട്ടുണ്ടെങ്കിലും 2022-23, 2023-24, 2024-25 വർഷങ്ങളിൽ പദ്ധതി അടങ്കൽ വർധിക്കാത്തതു കാരണം പ്രസ്തുത കാലയളവിൽ എസ്.സി.പി., ടി.എസ്.പി ഫണ്ടിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(ബി)</td><td>2011 ലെ സെൻസസ് പ്രകാരം, സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 30,39,573 ആണ് . മൊത്തം ജനസംഖ്യയുടെ 9.10% വരുന്ന പട്ടികജാതി വിഭാഗത്തിന് മൊത്തം അടങ്കലിന്റെ 9.81% വിഹിതം വകയിരുത്തി വരുന്നുണ്ട്. ആയതിനാൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള അർഹമായ വിഹിതം ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br><table><tr><th>വർഷം</th><th>സ്റ്റേറ്റ് പ്ലാൻ (കോടിയിൽ)</th><th>SCPപ്ലാൻ (കോടിയിൽ)</th><th>പദ്ധതി വിഹിതത്തിന്റെശതമാനം</th></tr><tr><td>2022-23</td><td>30370</td><td>2979.40</td><td>9.81</td></tr><tr><td>2023-24</td><td>30370</td><td>2979.40</td><td>9.81</td></tr><tr><td>2024-25</td><td>30370</td><td>2979.40</td><td>9.81</td></tr></table><br>കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംസ്ഥാന പദ്ധതി അടങ്കൽ തുകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ലാത്തതിനാൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ മൂന്ന് വർഷത്തെ അപേക്ഷിച്ച് 2025-26 വർഷത്തിൽ ടി.എസ് .പി വിഹിതത്തിൽ 6.23% തുക വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിക്കുന്ന വാർഷിക ഡോക്യുമെന്റിൽ നിന്നും പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കായി അതത് വർഷം ലഭിക്കുന്ന പദ്ധതികൾ, ബഡ്ജറ്റ് വിഹിതം എന്നിവ സംബന്ധിച്ച ബഡ്ജറ്റ് സർക്കുലർ (ടി.എസ്.പി പ്രോഗ്രാം ബുക്ക്) എല്ലാ വർഷവും ആദ്യപാദത്തിൽ വകുപ്പ് പ്രത്യേകമായി പ്രസിദ്ധീകരിക്കുന്നുണ്ട് . ഇത്തരത്തിലുള്ള പദ്ധതി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിലെ പിന്നാക്കാവസ്ഥ മനസ്സിലാക്കി കൂടുതൽ ഫണ്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു . |
| (സി) | എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളിൽ വർദ്ധനവ് വരുത്താത്തതും കിഫ്ബി പ്രവൃത്തികളിൽ നിന്നും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെ ഒഴിവാക്കുകയും ചെയ്യുന്ന നടപടി ഭരണഘടനാ വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ